ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഗോള വ്യാപാരങ്ങളെ സാരമായി ബാധിച്ച് മൈക്രോസോഫ്റ്റിലെ സാങ്കേതിക തകരാർ. ഇന്ത്യ, യു.എസ് ഉൾപ്പടെയുള്ള രാജ്യങ്ങളിലെ വിമാനത്താവളങ്ങളുടെ പ്രവർത്തനങ്ങൾ പ്രതിസന്ധിയിൽ.

   Microsoft software outage disrupts buisness worldwide. Flight operations in India, US and many other countries have been disrupted

2. കർണാടകയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുൻ ഉൾപ്പെടെയുള്ളവർക്കായി തിരച്ചിൽ ഊർജിതം. രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ കർണാടക മുഖ്യമന്ത്രിക്ക് കത്തയച്ചു.

   The search operation for those trapped in Karnataka landslide including Kozhikode native Arjun is on full fledge. CM Pinarayi Vijayan has sent letter to Karnataka Cm to speed up the rescue operations

3. കേരളത്തിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

In Kerala, heavy rain to continues for the next five days. IMD declared Orange alert in 4 districts.

4. ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ കായികരംഗം പ്രധാന ചാലക ശക്തിയാകുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

   Youth Affairs and Sports Minister, Dr Mansukh Mandaviya today said that Sports will be a key driver for India to be a developed nation

5. ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യാ കപ്പ് വനിതാ ട്വന്റി- 20 ക്രിക്കറ്റിൽ ടോസ് നേടിയ പാകിസ്ഥാൻ, ഇന്ത്യക്കെതിരെ ബാറ്റിംഗ് തിരഞ്ഞെടുത്തു.

   In Asia Cup Women's T20, Pakistan chose to bat against India

&&&&&&&&&&&&&&&&&&

**EVE WORLDWIDE-IT OUTAGE-INTRO**

ലോകമെമ്പാടുമുള്ള ജനങ്ങളെ സാരമായി ബാധിച്ച് മൈക്രോസോഫ്റ്റിലുണ്ടായ സാങ്കേതിക തകരാർ. ആഗോളതലത്തിലെ വ്യാപാരങ്ങൾ, ബാങ്കിംഗ് സേവനങ്ങൾ, വിമാന സർവീസുകൾ തുടങ്ങിയവയുടെ ഐടി സംവിധാനങ്ങളെയും തകരാർ ബാധിച്ചു.

*വിശദാംശങ്ങളിലേക്ക്............*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**EVE WORLDWIDE-IT OUTAGE-VOICE**

സാങ്കേതിക തകാരാറിനെ തുടർന്ന് ഇന്ത്യയിലെ വിമാനത്താവളങ്ങളുടെ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതായി കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചു. ഇൻഡിഗോ, ആകാശ, സ്പൈസ് ജെറ്റ് വിമാനങ്ങളുടെ ചെക്ക്-ഇൻ സംവിധാനങ്ങൾ രാജ്യവ്യാപകമായി പ്രവർത്തനരഹിതമായി. മുംബൈ വിമാനത്താവളത്തിലെ പ്രവർത്തങ്ങളാണ് ഏറെ ബാധിക്കപ്പെട്ടത്. യാത്രക്കാർ കഴിയുന്നതും നേരത്തെ വിമാനത്താവളങ്ങളിൽ എത്തണമെന്നും ഓൺലൈൻ ചെക്കിംഗ് ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മൈക്രോസോഫ്റ്റ് വിൻഡോസിലെ സൈബർ സുരക്ഷാ സംവിധാനമായ ക്രൗഡ്സ്ട്രൈക്ക് നിശ്ചലമായതോടെയാണ് ലോകമെമ്പാടും സൈബർ തകരാർ അനുഭവപ്പെട്ടത്. തകരാർ പരിഹരിക്കാൻ അടിയന്തര ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇന്ത്യയെക്കൂടാതെ അമേരിക്ക, ജപ്പാൻ, ന്യൂസ്‌ലാൻറ് ഉൾപ്പെടെയുള്ള രാജ്യങ്ങളെയും സാങ്കേതിക തകരാർ ബാധിച്ചിട്ടുണ്ട്. അതേസമയം, തകരാർ സംബന്ധിച്ച് മൈക്രോസോഫ്റ്റുമായി ഐ.ടി മന്ത്രാലയം നിരന്തരം ആശയവിനിമയം നടത്തുന്നുണ്ടെന്ന് കേന്ദ്ര ഐടി മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.
ന്യൂസ് ഡസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

## RBI–MICROSOFT

മൈക്രോസോഫ്റ്റ് സാങ്കേതിക തകരാറിന്റെ പശ്ചാത്തലത്തിൽ, ജാഗ്രത പാലിക്കാനും പ്രവർത്തനക്ഷമത ഉറപ്പാക്കാനും റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള

ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം. റിസർവ് ബാങ്കിൻ്റെ സ്വാധീനത്തിലുള്ള സാമ്പത്തിക മേഖലയെ ആഗോള തകർച്ച ചെറിയ തോതിൽ മാത്രമേ ബാധിച്ചിട്ടുള്ളൂ. ആർ.ബി.ഐ യുടെ നിയന്ത്രണത്തിലുള്ള 10 ബാങ്കുകളിലും ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളിലും സാങ്കേതിക തകരാർ മൂലം ചെറിയ തടസങ്ങൾ ഉണ്ടായതായും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടതായും റിസർവ് ബാങ്ക് പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## FLIGHT CANCEL

മൈക്രോ സോഫ്റ്റ് വിൻഡോസിൽ ഉണ്ടായ സാങ്കേതിക പ്രശ്നം കാരണം തിരുവനന്തപുരം വിമാന താവളത്തിലെ മൂന്ന്

സർവീസുകൾറദ്ദാക്കി. ബംഗളൂരു, ഹൈദരാബാദ്, ചെ

ന്നൈ എന്നിവടങ്ങളിലേക്കുള്ള ഇൻഡിഗോ

എയർലൈൻസിൻറെ സർവീസുകൾ ആണ് റദ്ദാക്കിയത്.

&&&&&&&&&&&&&&&&&&

## KARNATAKA SEARCH

കർണാടകയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി ലോറി ഡ്രൈവർ അർജുൻ ഉൾപ്പെടെയുള്ളവർക്കായി തിരച്ചിൽ തുടരുന്നു. നാവികസേനയിൽ നിന്നുള്ള മുങ്ങൽ വിദഗ്ധർ

ഗംഗാവാലി നദിയിലിറങ്ങി നടത്തിയ പരിശോധനയിൽ അർജുൻറെ ലോറി നദിയിൽ വീണിട്ടില്ലെന്ന് സ്ഥിരീകരിച്ചിരുന്നു. ഷിരൂരിൽ ദേശീയപാതയിൽ ചൊവ്വാഴ്ചയാണ് വലിയരീതിയിലുള്ള മണ്ണിടിച്ചിലുണ്ടായത്. പ്രദേശത്ത് നിന്നും ഏഴ് മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നു. അതേസമയം അർജുനെ

കണ്ടെത്തുന്നതിനുള്ള രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്ക് കത്തയച്ചു. സംഭവത്തിൽ അടിയന്തര ഇടപെടൽ നടത്താൻ ചീഫ് സെക്രട്ടറിയ്ക്കും മുഖ്യമന്ത്രി നിർദ്ദേശം നൽകി. തിരച്ചിലിനായി ദേശീയ ദുരന്ത നിവാരണ സേനയുടെ സേവനം ലഭ്യമാക്കേണ്ടതായിരുന്നുവെന്നും, എന്തുകൊണ്ട് അത് നടന്നില്ല എന്ന് പരിശോധിക്കുമെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

**RAIN WARNING**

കേരളത്തിൽ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. വയനാട് ജില്ലയിലെ വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. വടക്കൻ ജില്ലകളിൽ മഴക്ക് നേരിയ ശമനം ഉണ്ടെങ്കിലും മഴക്കെടുതി രൂക്ഷമായി തുടരുകയാണ്. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദ്ദേശം. കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ പ്രത്യേക ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

## ANDHRA PRADESH RAIN

ആന്ധ്രാപ്രദേശിൻ്റെ വിവിധ ഭാഗങ്ങളിൽ വ്യാപക മഴ തുടരുന്നു. ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദത്തെ തുടർന്ന് സംസ്ഥാനത്ത് പശ്ചിമ-ദക്ഷിണ ഗോദാവരി ജില്ലകളിൽ നദികൾ കരകവിഞ്ഞൊഴുകുകയാണ്. വിവിധ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയായിരുന്നു. കോയമ്പത്തൂർ കുടുങ്ങിയ 28 പേരെ ഇന്ത്യൻ നാവികസേന രക്ഷപ്പെടുത്തി. മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു സംസ്ഥാനത്തെ പ്രളയക്കെടുതി അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&&

## MANDAVIYA OLYMPICS

2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ കായികരംഗം പ്രധാന ചാലക ശക്തിയാകുമെന്ന് യുവജനകാര്യ - കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ ഇന്ത്യയുടെ ഒളിമ്പ്യൻമാരും പാരാലിമ്പ്യൻമാരും പങ്കെടുത്ത സംവാദ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ മെഡൽ നേട്ടം ഉയർത്താനുള്ള നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. പാരീസ് ഒളിമ്പിക്സിനായുള്ള ഇന്ത്യയുടെ തയ്യാറെടുപ്പുകളും പങ്കെടുക്കുന്ന ഇന്ത്യൻ കായികതാരങ്ങളുടെ വിവരങ്ങളും അടങ്ങിയ ലഘുലേഖ ശ്രീ മാണ്ഡവ്യ പ്രകാശനം ചെയ്തു. ഒളിമ്പിക്സിൽ ഇന്ത്യൻ സംഘം മികച്ച പ്രകടനം നടത്തുമെന്ന് പരിപാടിയിൽ പങ്കെടുത്ത ഒളിമ്പ്യൻ ജിതു റായ് ആത്മവിശ്വാസം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

**UNION AGRICULTURE MINISTER**

രാസവളം ഉപയോഗിക്കാതെ തന്നെ കാർഷിക ഉൽപ്പാദനം വർധിപ്പിക്കാൻ കഴിയുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ലഖ്നൗവിൽ പ്രകൃതി കൃഷിയുടെ പ്രാദേശിക കൺസൾട്ടേഷൻ പ്രോഗ്രാമിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സ്വാഭാവിക കൃഷിക്കായി കേന്ദ്ര സർക്കാർ അഖിലേന്ത്യാ തലത്തിൽ ബോധവൽക്കരണ കാമ്പയിൻ ആരംഭിക്കും. ആദ്യ രണ്ട് വർഷം ഉൽപ്പാദനം

കുറവായിരിക്കുമെന്നതിനാൽ മൂന്ന് വർഷം വരെ സർക്കാർ സബ്സിഡി നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## UPSC PUJA KHEDKAR

യുപിഎസ്‌സി, സിവിൽ സർവീസസ് പരീക്ഷയിലെ ക്രമക്കേട് ആരോപണത്തിൽ പൂജാ ഖേദ്കർ വ്യാജരേഖകൾ ഹാജരാക്കിയതായി അന്വേഷണത്തിൽ തെളിഞ്ഞെന്ന് UPSC. പൂജയുടെ IAS റദ്ദാക്കുകയും ഭാവി പരീക്ഷകളിൽ നിന്നും ഡിബാർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അവർക്കെതിരെ ക്രിമിനൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. യുപിഎസ്‌സിയുടെ വിശ്വാസം ഉറപ്പാക്കാൻ കമ്മീഷൻ പ്രതിജ്ഞാബദ്ധമാണെന്നും UPSC അറിയിച്ചു.

&&&&&&&&&&&&&&&&&&

## PUNE-IAS POOJA KHEDKAR

വിവാദ ഐഎഎസ് ഓഫീസർ പൂജ ഖേദ്കറോട് മൊഴി രേഖപ്പെടുത്തുന്നതിനായി, നാളെ ഹാജരാകാൻ പൂനെ പോലീസ് രണ്ടാമതും നോട്ടീസ് അയച്ചു. പൂനെ കളക്ടർ തന്നെ ഉപദ്രവിച്ചതായി പൂജ ആരോപിച്ചിരുന്നു. ഇന്നലെ ഹാജരാകാൻ നേരത്തെ നോട്ടീസ് നൽകിയിരുന്നുവെങ്കിലും

ഹാജരാകാത്തതിനെ തുടർന്നാണ് രണ്ടാമതും നോട്ടീസ് നൽകിയത് . പൂനെ ക്രൈംബ്രാഞ്ചാണ് കേസ് അന്വേഷിക്കുന്നത്.

&&&&&&&&&&&&&&&&&&

## SC WB GOVERNOR

ഗവർണർമാർക്ക് ക്രിമിനൽ നടപടികളിൽ നിന്ന് പരിരക്ഷ നൽകുന്ന 361 ആം അനുച്ഛേദത്തിന്റെ എല്ലാ വശങ്ങളും പരിശോധകുമെന്ന് സുപ്രീംകോടതി. ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ച് പശ്ചിമബംഗാൾ ഗവർണർ സി.വി. ആനന്ദ് ബോസിനെതിരെ രാജ്ഭവൻ ജീവനക്കാരി സമർപ്പിച്ച ഹർജിയിലാണ് കോടതിയുടെ തീരുമാനം. കേസുമായി ബന്ധപ്പെട്ട് പശ്ചിമബംഗാൾ സർക്കാരിന് സുപ്രീംകോടതി കത്തയച്ചു. ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് ജസ്റ്റിസുമാരായ ജെ.ബി.പർഥിവാല, മനോജ് മിശ്ര എന്നിവരടങ്ങുന്ന ബെഞ്ചിന്റേതാണ് തീരുമാനം. കേസിന്റെ ഭരണഘടനാപരമായ വശങ്ങൾ പരിശോധിക്കാൻ അറ്റോണി ജനറലിന്റെ സഹായവും തേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## WOMEN CRICKET

ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യാ കപ്പ് വനിതാ ട്വൻറി- 20 ക്രിക്കറ്റിൽ ടോസ് നേടിയ പാകിസ്ഥാൻ, ഇന്ത്യക്കെതിരെ

ബാറ്റിംഗ് തിരഞ്ഞെടുത്തു. ഇന്ന് ഉച്ചയ്ക്ക് നടന്ന ഉദ്ഘാടന മത്സരത്തിൽ യു.എ.ഇ-യെ നേപ്പാൾ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി. എട്ട് രാജ്യങ്ങളാണ് ടൂർണമെൻറിൽ പങ്കെടുക്കുന്നത് .

&&&&&&&&&&&&&&&&&&

## OLYMPICS

പാരീസ് ഒളിമ്പിക്സിനായി വിവിധ രാജ്യങ്ങളിൽ നിന്നും കായികതാരങ്ങൾ ഫ്രാൻസിലേക്ക് എത്തിത്തുടങ്ങി. അന്താരാഷ്ട്ര ഒളിമ്പിക് സമിതി പ്രസിഡന്റ് തോമസ് ബാക്ക് കായികപ്രതിഭകളെ പാരിസിലേക്ക് സ്വാഗതം ചെയ്തു. 10,500 ഓളം അത്ലറ്റുകളാണ് ഇക്കുറി ഒളിമ്പിക്സിൽ പങ്കെടുക്കുന്നത്. ഈ മാസം 26 മുതൽ ഓഗസ്റ്റ് 11 വരെയാണ് പാരീസ് ഒളിമ്പിക്സ്.

&&&&&&&&&&&&&&&&&&

## BANGLADESH

ബംഗ്ലദേശിൽ തുടരുന്ന വിദ്യാർത്ഥി പ്രതിഷേധത്തിൻറെ സാഹചര്യത്തിൽ ഇന്ത്യൻ പൗരന്മാർക്കുള്ള ജാഗ്രതാ നിർദ്ദേശം കർശനമാക്കി ഹൈക്കമ്മീഷൻ. എന്ത് സഹായത്തിനും ധാക്കയിലെ ഹൈക്കമ്മീഷൻ ഓഫീസുമായി ബന്ധപ്പെടണമെന്നും ഇതിനായി ഹെൽപ് ലൈൻ നമ്പരുകൾ സജ്ജമാക്കിയിട്ടുണ്ടെന്നും വിദേശകാര്യമന്ത്രാലയം അറിയിച്ചു. വിദേശകാര്യമന്ത്രി എസ്.ജയ് ശങ്കർ സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ടെന്ന്

വിദേശകാര്യ വക്താവ് രൺധീർ ജെയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം തൊഴിൽ സംവരണവുമായി ബന്ധപ്പെട്ട് നിരവധി അക്രമസംഭവങ്ങളാണ് ബംഗ്ലാദേശിൽ റിപ്പോർട്ട് ചെയ്യുന്നത്.

&&&&&&&&&&&&&&&&&&

## PARLIAMENT BILL

ദുരന്തനിവാരണ നിയമ ഭേദഗതി ഉൾപ്പെടെ ആറ് ബില്ലുകൾ പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിൽ കേന്ദ്രസർക്കാർ അവതരിപ്പിക്കും. വ്യോമയാന മേഖലയിലെ വാണിജ്യ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള, ഭാരതീയ വായുയാൻ വിധേയക് ബില്ലും ഇതിൽ ഉൾപ്പെടുന്നു. 1934-ലെ എയർക്രാഫ്റ്റ് ആക്ടിന് പകരമാണ് ബിൽ കൊണ്ടുവരുന്നത്. തിങ്കളാഴ്ചയാണ് പാർലമെൻറിൻറെ വർഷകാലസമ്മേളനത്തിന് തുടക്കമാവുന്നത്. കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ ചൊവ്വാഴ്ച അവതരിപ്പിക്കും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&

&&&&

&&&

&&

&